(ബി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30 ഒഴിവുകൾ ഉണ്ട്.

(ബി) 30 ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഹെൽത്ത് സെന്ററിലെ ഇൻപേഷ്യന്റ് വിഭാഗത്തിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിക്കാൻ നടപടി

162 [1638] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഹെൽത്ത് സെന്ററിലെ ഇൻപേഷ്യന്റ് വാർഡിൽ വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതിനാൽ രോഗികളെ കിടത്തി ചികിത്സിക്കുവാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലുള്ള നിരോധനം മാറ്റി അവിടെ വേണ്ടത്ര തസ്തികകൾ സൃഷ്ടിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിരോധനം നിലവിലുണ്ട്. ഇത് മാറുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തികയിലേക്ക് പ്രൊമോഷൻ നടത്താൻ നടപടി

163 [1639] ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തികയിലേക്ക് കഴിഞ്ഞ കുറേ നാളുകളായി പ്രൊമോഷൻ നടക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രൊമോഷൻ നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) ജില്ലാ മെഡിക്കൽ ഓഫീസിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഈ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

(ഡി) ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സുമാർക്ക് 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ യു.ഡി. ക്ളാർക്കുമാരുടെ സീനിയോറിറ്റി സംബന്ധിച്ച കേസ് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്നതിനാൽ മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തികകളിലേക്ക് കുറേ നാളത്തേക്ക് പ്രൊമോഷൻ നടന്നിരുന്നില്ല. പ്രസ്തുത കേസുകൾ ഹൈക്കോടതി തീർപ്പാക്കുകയും 26-4-2003-ലെ ജി.ഒ.(എം.എസ്) 78/2003/ആ.കു.വ. അനുസരിച്ച് പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ ലിസ്റ്റ് അനുസരിച്ച് പ്രൊമോഷൻ പുനഃരാരംഭിക്കുകയും ഇതുവരെ 62 പേരെ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുകയും ചെയ്തു.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പിൽ ഉണ്ടായിരുന്ന 10 അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ 16-1-2004-ലെ ജി.ഒ.(ആർ.റ്റി.)155/2004/ആ.കു.വ. ഉത്തരവ് പ്രകാരം നികത്തിയിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പിലെ നഴ്സുമാർക്കുള്ള മൂന്നു ഷിഫ്റ്റ് സമ്പ്രദായം ഘട്ടംഘട്ടം ആയി നടപ്പിലാക്കിവരികയാണ്. മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, കണ്ണാശുപത്രി, കൊല്ലം വിക്ടോറിയ ആശുപത്രി, എസ്.എ.റ്റി. ആശുപത്രി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം, ഐ.എം.സി.എച്ച്., കോഴിക്കോട്, ഗവൺമെന്റ് ആശുപത്രി, ചെങ്ങന്നൂരും ആലുവയും, താലൂക്ക് ആശുപത്രി, തിരൂരങ്ങാടി എന്നിവിടങ്ങളിൽ പ്രസ്തുത സമ്പ്രദായം നടപ്പിലാക്കിക്കഴിഞ്ഞു.

കെ. എച്ച്. ആർ. ഡബ്ള്യു. എസിലെ ജീവനക്കാർ

164 [1640] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യു.എസിലെ ആകെ ജീവനക്കാർ എത്ര;

LIBRARY ARCHIVES Kerala Legislative Assembly